പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3000 20/12/2012 ൽ മറുപടിയ്ക്ക്

# കൊല്ലംജില്ലയിലെ പുതിയ താലൂക്കുകളുടെ രൂപീകരണം

| ചോദ്യം<br>ശ്രീ.ജി.എസ് ജയലാൽ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പ്മന്ത്രി) |
|---|---|
| (എ) കൊല്ലം ജില്ലയിലെ നിലവിലുള്ള താലൂക്കുകൾ ശാസ്ത്രീയ പഠനത്തിന് വിധേയമായി വിഭജിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ. | (എ) ഇപ്പോൾ പരിഗണനയിലില്ല |
| (ബി) പ്രസ്തുത ആവശ്യം പഠിക്കുന്നതിലേക്കായി കമ്മിറ്റിയെ/സമിതിയെ നിയോഗിച്ചിരുന്നുവോ; അവരുടെ റിപ്പോർട്ട് എന്താണെന്നും അതിൻമേൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്നും അറിയിക്കുമോ;<br>(സി) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ കേന്ദ്രമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി യും സി യും) സംസ്ഥാനത്തെ താലൂക്കുകളും, വില്ലേജുകളും പുനഃസംഘ ടിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ റവന്യു വകുപ്പും, ലാന്റ് റവന്യു കമ്മീഷണറേറ്റും സംയുക്തമായി ഒരു പഠന റിപ്പോർട്ട് 2007-ൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പ്രയോറിറ്റി നമ്പർ 14 ആയി കൊല്ലം ജില്ലയിൽ കടയ്ക്കൽ കേന്ദ്രമായും, പ്രയോറിറ്റി നമ്പർ 18 ആയി ചാത്തന്നൂർ കേന്ദ്ര മായും താലൂക്കുകൾ രൂപീകരി ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ ഇതുവരെ അന്തിമ |

തിരുമാനം എടുത്തിട്ടില്ല. സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളില്ലാത്ത 30 ഗ്രാമ പഞ്ചായത്തുകളിൽ വില്ലേജ് ഓഫിസുകൾ രൂപീകരിക്കുന്ന വിഷയത്തിനാണ് ഇപ്പോൾ മുൻഗണന നൽകിയിട്ടുള്ളത്. ആകയാൽ കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ കേന്ദ്ര മാക്കി പുതിയ താലൂക്ക് രൂപികരിക്കുന്നതുൾപ്പെടെയു ള്ള മറ്റു റവന്യു യുണിറ്റുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണന യിലില്ല.

(signed)

സെക്ഷൻ ഓഫീസർ